# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 40 — 09.02.2016- ൽ മറുപടിക്ക്

## കൈത്തറി വ്യവസായ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ അവലോകനം നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ; | (എ) ഉണ്ട്. കൈത്തറി മേഖലയിലെ നിലവിലെ അവസ്ഥ പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ സർവ്വേ നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കൈത്തറി മേഖലയെ വൈവിദ്ധ്യവത്ക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടില്ലാത്തത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) കൈത്തറി മേഖലയെ വൈവിദ്ധ്യവൽക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് അനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>പ്രൊഡക്ഷൻ ഇൻസെന്റീവും, ഇൻകം സപ്പോർട്ട് സ്കീമും നടപ്പിലാക്കി വേതനവർദ്ധനവ് വരുത്തി തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മൂല്യവർദ്ധിത പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും, ആവശ്യമായ ഉൽപന്നങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. |
| (സി) കൈത്തറി മേഖലയുടെ പ്രതിസന്ധിയുടെ കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് തികച്ചും അലംഭാവമാണ് കാണിച്ചതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ; | (സി) ആക്ഷേപം ശരിയല്ല. കൈത്തറി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജാഗരൂകമായ പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. നെയ്ത്തുകാരുടെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ കുറവ് എന്നിവയാണ് കൈത്തറി മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ. ഇത് പരിഹരിക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

1)പ്രൊഡക്ഷൻ ഇൻസെന്റീവ് .
2)ഇൻകം സപ്പോർട്ട് സ്കീം.
3)പുതിയ ആൾക്കാർക്ക് നെയ്ത്തിൽ പരിശീലനം .
4)നിലവിലുള്ള നെയ്ത്തുകാർക്ക് വൈവിധ്യമാർന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം .
5)വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിഷു, ഓണം, ക്രിസ്തുമസ് ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന മേളകൾ .
6)നിലവിലുള്ള ഷോറൂം നവീകരിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും സഹായം .
7)കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി .
8)ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം
9)കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചാരണം .
10) റിവൈവൽ, റീഫോം, റീസ്ട്രക്ചറിംഗ് പാക്കേജ് വഴി സംഘങ്ങൾക്ക് സാമ്പത്തിക സഹായം

| | |
|---|---|
| (ഡി) ഒരു കാലത്ത് വിദേശ രാജ്യങ്ങളിലടക്കം ഏറെ പ്രിയങ്കരമായിരുന്ന കൈത്തറി ഉല്പന്നങ്ങൾക്ക് അവിടങ്ങളിൽ വിപണി നഷ്ടപ്പെടുന്നതിന്റെ കാരണം കണ്ടെത്തി വിപണന സാദ്ധ്യത ഒരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കാമോ? | (ഡി) ഉണ്ട്. കൈത്തറി ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഒരുക്കിക്കൊടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജർമ്മനിയിൽ വച്ച് സംഘടിപ്പിച്ച ഹെംടെക്സ്റ്റൈൽ എക്സിബിഷനിൽ രണ്ടു തവണയായി ഹാന്റക്സ്, ഹാൻവീവ്, 5 പ്രാഥമിക കൈത്തറിസംഘങ്ങൾ എന്നിവ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനു പുറത്ത് ജയ്പൂർ ഫെസ്റ്റ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ഇന്ത്യ ഇന്റർനാഷണൽ ഹാന്റ്‌വോവൺ ഫെയർ, ബാംഗ്ളൂർ ഫെസ്റ്റ് എന്നീ പ്രദർശനങ്ങളിൽ കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി വിപണി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങളായി കുത്താമ്പുള്ളി സാരികൾ, ബാലരാമപുരം സാരികൾ, കാസർഗോഡ് സാരികൾ, ചേന്ദമംഗലം സെറ്റുമുണ്ടുകൾ, കണ്ണൂർ ഫർണീഷിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ